LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. നേഴ്സിംഗ് കോളേജ്, കോട്ടയം - 1

2. നേഴ്സിംഗ് കോളേജ്, കോഴിക്കോട് - 1

ആകെ 2

(ബി) & (സി) സ്റ്റാഫ് നഴ്സുമാർ ആരും തന്നെ നഴ്സിംഗ് ട്യൂട്ടർ/ലക്ചറർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നില്ല.

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 തസ്തികയിലെ നിയമനങ്ങൾ

58 (6212) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ നിയമനങ്ങൾ നടത്താത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ രണ്ടര വർഷത്തോളം പഴക്കമുള്ള ലിസ്റ്റിൽ നിന്നും നാമമാത്രമായ നിയമനങ്ങൾ മാത്രമേ നടത്തിയിട്ടുള്ളൂയെന്നതിനാൽ ഈ ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ആശങ്കകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ആരോഗ്യ വകുപ്പിലെ എൽ.ജി. എസ്. വിഭാഗത്തിൽപ്പെട്ടവരെ പ്രൊമോട്ട് ചെയ്ത് നിയമിക്കുന്നതുമൂലം മുൻ ലിസ്റ്റിൽ ഉള്ള ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടുന്നത് പരിഹരിക്കുവാൻ എന്ത് നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) മാസങ്ങൾക്ക് മുമ്പ് ആലപ്പുഴ ജില്ലയിൽ വന്ന 10 ഒഴിവുകളിൽ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കുമോ ; ആരെയും നിയമിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2-ആയി ബന്ധപ്പെട്ട ഹയൽ നമ്പർ 1604/2010/എച്ച് & എഫ് ഡബ്ല്യു.ഡി. 19569/കെ 3/2010. എച്ച് & എഫ്. ഡബ്ല്യു.ഡി എന്നീ ഹയലുകളുടെ മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഏറ്റവും കൂടുതൽ ജലജന്യ രോഗങ്ങൾ പടർന്ന് പിടിക്കുന്ന ആലപ്പുഴ ജില്ലയിൽ താൽക്കാലികക്കാരെ നിയമിച്ചു പിരിച്ച് വിടുന്ന സ്ഥിരം സംവിധാനം ഒഴിവാക്കി പി.എസ്. സി. ലിസ്റ്റിൽ നിന്നുള്ളവരെ നിയമിക്കുന്നതിന് നടപടി ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജെ.എച്ച്.ഐ. ഗ്രേഡ്-2 തസ്തികയിൽ 1-11-2007 മുതൽ 17-5-2010 വരെയുണ്ടായ ഒഴിവുകളിൽ 1:3 (വകുപ്പുതല ജീവനക്കാർ:റാങ്ക് ഹോൾഡേഴ്സ്) എന്ന അനുപാതത്തിൽ നിയമനം നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനി വരുന്ന ഒഴിവുകളിലും അപ്രകാരം നിയമനം നടത്തുന്നതാണ്.

(സി) 23-1-1989-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.24/89/ആ.കു.വ പ്രകാരം ജെ.എച്ച്.ഐ. ഗ്രേഡ് II തസ്തികയിൽ എസ്.ഐ.സി/എച്ച്.ഐ.സി. പാസ്സായ വകുപ്പുതല ജീവനക്കാർക്ക് നിയമനം നൽകണമെന്നും യോഗ്യരായ വകുപ്പുതല ജീവനക്കാർ ഇല്ലാത്തപക്ഷം പി.എസ്.സി. മുഖേന നിയമനം നൽകാമെന്നും നിഷ്കർഷിച്ചിരിക്കുന്നു.

എന്നാൽ 8-7-2008 ലെ ജി.ഒ(പി) 344/08/എച്ച്.&എഫ്.ഡബ്ല്യൂ.ഡി. പ്രകാരം വകുപ്പുതല ജീവനക്കാർക്കും പി.എസ്.സി. മുഖേനയുള്ള ഉദ്യോഗാർത്ഥികൾക്കും 1:3 എന്ന അനുപാതത്തിലാണ് ജെ.എച്ച്.ഐ. ഗ്രേഡ് 2 തസ്തികയിലേയ്ക്ക് നിയമനം നൽകേണ്ടത് എന്ന് നിഷ്കർഷിച്ചിരുന്നു. നിലവിൽ ജെ.എച്ച്.ഐ. ഗ്രേഡ് 2 തസ്തികയിലേയ്ക്കുള്ള നിയമനം നടക്കുന്നത് പ്രസ്തുത ഉത്തരവിനെ ആധാരമാക്കിയാണ്.

(ഡി) 1-11-2007 മുതൽ 17-5-2010 വരെ 5 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) ഹൗസ്കീപ്പിംഗ് കമ്മിറ്റികളുടെ രൂപീകരണത്തിന് അധികമായി സൃഷ്ടിക്കേണ്ട തസ്തികകൾ സംബന്ധിച്ച് നിലവിലെ ജീവനക്കാരുടെ ലഭ്യത പഠിച്ചശേഷം വിശദമായ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ഹൗസ് കീപ്പിംഗ് വിഭാഗത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.

(എഫ്) പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നുണ്ട്.

ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ വിപുലീകരണം

59 (6214) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ വിപുലീകരണത്തിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള പ്രൊപ്പോസലിന്മേൽ എന്തെല്ലാം നടപടികൾ എടുത്തുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly